**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2494** **15-10-2024 - ൽ മറുപടിയ്ക്ക്**

**യുവ വീവ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ആന്റണി രാജു** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | പരമ്പരാഗത കൈത്തറി വ്യവസായ സഹകരണസംഘങ്ങളുടെ ആധുനികീകരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് കൈത്തറി മേഖലയുടെ ആധുനികവൽക്കരണം ലക്ഷ്യമാക്കികൊണ്ട് "കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>പരമ്പരാഗത രീതികൾക്ക് മാറ്റം വരുത്താതെ കൈത്തറി വ്യവസായ സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും ആധുനികവൽക്കരിക്കുവാനും ഈ പദ്ധതിയിലൂടെ സാധിക്കുന്നു. പ്രസ്തുത പദ്ധതിയിൻകീഴിൽ ചുവടെ ചേർക്കുന്ന ഘടകങ്ങൾക്ക് ധനസഹായം അനുവദിക്കുന്നു.<br><br>1. തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും, തറികളുടെ ഭാഗിക അറ്റകുറ്റപ്പണികൾക്കുള്ള ധനസഹായം<br>2. സാങ്കേതിക വിദ്യ ഉയർത്തലും പുതിയ സാങ്കേതിക വിദ്യ കൈമാറ്റം ചെയ്യുന്നതിനുമുള്ള പദ്ധതി<br>3. പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളിലെ വർക്ക് ഷെഡ്ഡുകളുടെ നവീകരണം<br>4. വ്യക്തിഗത വർക്ക്ഷെഡ് നവീകരണം<br>5. കൈത്തറി സഹകരണ സംഘങ്ങളിലെ ഡൈഹൗസ് നവീകരണം<br>6. ഒരു വീട്ടിൽ ഒരു തറി<br>7. വനിത നെയ്ത്തുകാർക്ക് റസ്റ്റ് റൂം/ സ്റ്റോറേജ് നിർമ്മാണവും ടോയ്ലറ്റ് നവീകരണവും<br><br>2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രസ്തുത പദ്ധതിക്കായി 500 ലക്ഷം രൂപ വകയിരുത്തുകയും 150 ലക്ഷം രൂപ വിവിധ |

| | | | |
|---|---|---|---|
| | | | ഘടകങ്ങൾക്കായി സംഘങ്ങൾക്ക് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.<br><br>കൈത്തറി സഹകരണ സംഘങ്ങളുടെ ഉൽപന്നങ്ങളായ കൈത്തറി വസ്തുങ്ങളിൽ, കാലിക പ്രസക്തമായ ഡിസൈനുകൾ രൂപീകരിച്ച് നവീകരിച്ച ഉല്പന്നങ്ങൾ രൂപപ്പെടുത്തുന്നതിനായി ഡിസൈൻ മേഖലയിലെ പ്രമുഖ സ്ഥാപനങ്ങളായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി (NIFT), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (NID) എന്നിവരുടെ സഹകരണത്തോടെ സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ ഡിസൈൻ സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്.<br><br>നാഷണൽ ഹാന്റ്‌ലൂം ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ (NHDP) സ്മാൾ ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം (SCDP) പദ്ധതി പ്രകാരം സംസ്ഥാനത്ത് 12 ക്ലസ്റ്ററുകളിൽ ഉൾപ്പെട്ടിട്ടുള്ള നെയ്ത്തു സംഘങ്ങൾക്കും അതിലെ തൊഴിലാളികൾക്കും തറികൾ, തറി അനുബന്ധ ഉപകരണങ്ങൾ വാർപ്പ് / ക്ലോത്ത് ബീമുകൾ, വ്യക്തിഗത പണിശാലകൾ, കോമൺ വർക്ക് ഷെഡ്, വ്യക്തിഗത ലൈറ്റിംഗ് യൂണിറ്റുകൾ, കോമൺ ലൈറ്റിംഗ് യൂണിറ്റ്, കമ്പ്യൂട്ടറുകൾ എന്നിവ വാങ്ങുന്നതിനും / സ്ഥാപിക്കുന്നതിനും ഫണ്ടുകൾ അനുവദിച്ച് വരുന്നുണ്ട്.<br><br>കൂടാതെ, കൈത്തറി ഉൽപന്നങ്ങളിലേയ്ക്ക് പുതിയ തലമുറയെ ആകർഷിക്കത്തക്കവണ്ണം പുതിയ ഡിസൈനുകൾ ഉല്പാദിപ്പിക്കുന്നതിന് ഡിസൈനർമാരുടെ സേവനവും നൽകി വരുന്നു. |
| (ബി) | കൈത്തറി മേഖലയിൽ മൂല്യവർധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) | കൈത്തറി മേഖലയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി കേരള കൈത്തറി ബ്രാൻഡിംഗ് എന്ന ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനുവേണ്ടി "ക" എന്ന ഒരു ലോഗോ പ്രകാശനം ചെയ്യുകയുണ്ടായി. ഇത്തരത്തിൽ കേരളത്തിലെ കൈത്തറി മേഖലയിൽ ഉല്പാദിപ്പിക്കുന്ന എല്ലാ തുണിത്തരങ്ങളും ബ്രാൻഡ് ചെയ്യുന്നതിന് വേണ്ടിയുള്ള രജിസ്ട്രേഷൻ നടപടികൾ നടന്നു വരുന്നു. |
| (സി) | യുവതലമുറയെ കൈത്തറി മേഖലയിലേക്ക് ആകർഷിക്കുവാനുള്ള ‘യുവ വീവ്’ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ചുള്ള വിവരങ്ങൾ നൽകാമോ; | (സി) | കൈത്തറി നെയ്ത്തു വ്യവസായ രംഗത്ത് തൊഴിൽരഹിതരായ യുവജനങ്ങളെ ആകർഷിക്കുന്നതിന് വേണ്ടിയുള്ള ഒരു പദ്ധതിയാണ് യുവ വീവ് പദ്ധതി. 18നും 40നും മദ്ധ്യേ പ്രായമുള്ള യുവതീ യുവാക്കളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. ഈ പദ്ധതിയിൽ അംഗമാകുന്നവർക്ക് ആദ്യ 3 മാസം 200/- രൂപ സ്റ്റൈപന്റോടുകൂടി കൈത്തറി നെയ്ത്തു പരിശീലനം |

| | | | |
|---|---|---|---|
| | | | നൽകുകയും പരിശീലനം പൂർത്തിയാക്കുന്നവർക്ക് അടുത്ത 3 മാസത്തേക്ക് 125/- രൂപ വേജ് സപ്പോർട്ട് ഇനത്തിൽ അനുവദിച്ച നൽകുകയും ചെയ്യുന്നു. പരിശീലനം പൂർത്തിയായവർക്ക് സൗജന്യമായി തറിയും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുന്നു.<br><br>പ്രസ്തുത പദ്ധതി പ്രകാരം 20 പേർ അടങ്ങുന്ന ബാച്ചുകളായാണ് സൗജന്യ പരിശീലനം നൽകി വരുന്നത്. പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയിട്ടുള്ള യുവതി യുവാക്കളെ കുടുംബശ്രീ മിഷൻ മുഖേനയാണ് പരിശീലനത്തിനായി തെരഞ്ഞെടുക്കുന്നത്. ഇതു സംബന്ധിച്ച അപേക്ഷ ബന്ധപ്പെട്ട ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർ മുഖേന കൈത്തറി വസ്ത്ര ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്.<br><br>പദ്ധതി പ്രകാരം 5 വർഷത്തോളം നെയ്ത്ത് പ്രവർത്തി എടുക്കുന്ന വ്യക്തിക്ക് കൈത്തറി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ മുഖേനയുള്ള ആനുകൂല്യത്തിന് അർഹതയുണ്ട്.<br><br>നടപ്പു സാമ്പത്തിക വർഷം 75 ലക്ഷം രൂപയാണ് പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത്. ഈ തുകയിൽ നിന്നും നാളിതു വരെ 21.18 ലക്ഷം രൂപ റിലീസ് ചെയ്തു നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | കൈത്തറി മേഖലയിലെ റിവൈവൽ, റീഫോം & റീ-സ്ട്രക്ച്ചറിംഗ് പാക്കേജിനോടനുബന്ധിച്ച് ആവിഷ്കരിച്ച പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ? | (ഡി) | കൈത്തറി മേഖലയിലെ റിവൈവൽ, റീഫോം & റീസ്ട്രക്ചറിംഗ് പാക്കേജ് പദ്ധതി പ്രകാരം പ്രാഥമിക / അപ്പക്സ് കൈത്തറി സഹകരണ സംഘങ്ങൾ, വ്യക്തിഗത നെയ്ത്തുകാർ എന്നിവരുടെ നെയ്ത്തു പ്രവർത്തികളുമായി ബന്ധപ്പെട്ട് എടുത്തിട്ടുള്ള വായ്പകൾ എഴുതിത്തള്ളൽ, കുറഞ്ഞ പലിശയിൽ പുനർവായ്പ ലഭ്യമാക്കൽ, സംഘങ്ങളുടെ പുനരുദ്ധാരണം എന്നിവയ്ക്കാണ് സഹായം നൽകിയത്. ഈ പദ്ധതിയുടെ ഭാഗമായുള്ള കമ്പ്യൂട്ടറൈസേഷൻ പദ്ധതി പ്രകാരം 302 സംഘങ്ങളിൽ കമ്പ്യൂട്ടർ, സോഫ്റ്റ്‌വെയർ എന്നിവ ഇൻസ്റ്റാൾ ചെയ്യുകയും ഓരോ സംഘത്തിലെയും ഒരാൾക്കെങ്കിലും ടാലി സോഫ്റ്റ്‌വെയർ സംബന്ധിച്ച് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ആർ.ആർ.ആർ പാക്കേജിനോടനുബന്ധിച്ച് മറ്റു പദ്ധതികൾ നിലവിൽ വന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ